**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4213** **28-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എൻജിനിയർ തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എൻജിനീയർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാരുടെ കേഡർ സ്ട്രെങ്തിന്റെ അടിസ്ഥാനത്തിൽ 104 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിൽ 86 ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തേണ്ടതും 18 ഒഴിവുകൾ പി എസ് സി മുഖേന നികത്തേണ്ടതുമാണ്. പി എസ് സി മുഖേന നികത്തേണ്ടുന്ന 18 ഒഴിവുകളിൽ 13 ഒഴിവുകൾ പി എസ് സി യ്ക്ക് ഓൺലൈൻ ആയി പ്രോഫോർമ ഐ.ഡി 46789, 47200 നമ്പർ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2 NJD ഒഴിവുകൾ പി. എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3 ഒഴിവുകൾ ഡെപ്യൂട്ടേഷൻ , ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ വരുന്നവരെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് വേണ്ടി നീക്കി വെച്ചിട്ടുണ്ട്. |
| (ബി) | പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിരുന്നിട്ടും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അസിസ്റ്റന്റ് എൻജിനീയർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അസിസ്റ്റന്റ് എൻജിനീയർമാരുടെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ